നിലവിലുള്ള ബുക്ക് ഫോമിനുപകരം ആധുനിക കാർഡ് രൂപത്തിൽ നൽകുന്നതാണ്. വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് നടത്തി, കമ്പ്യൂട്ടർ സഹായത്താൽ സർട്ടിഫിക്കറ്റ് അന്നുതന്നെ നൽകുന്നതാണ്. ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് ചിപ്പ്കാർഡ് രൂപത്തിൽ നിലവിൽ വരുന്നതോടുകൂടി വാഹന നിയമ ലംഘന പരിശോധന സുഗമമാക്കിത്തീർക്കാൻ കഴിയുന്നതും നിയമ ലംഘകരുടെ വിവരങ്ങൾ സ്മാർട്ട് ചിപ്പ് കാർഡിൽ രേഖപ്പെടുത്താവുന്നതും വളരെ വേഗത്തിൽ കുറ്റക്കാരെ കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ലേണേഴ്സ് ലൈസൻസ് ടെസ്റ്റ്

103 (2816) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടത്തുന്നത് ;

(ബി) ഇത് എല്ലാ താലൂക്കുകളിലും നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ടെസ്റ്റ് നടത്തിക്കൊണ്ടിരിക്കുന്ന സ്കൂളിലെ അസൗകര്യം കൊണ്ടും ടെസ്റ്റ് നടത്തുന്നതിനുള്ള സ്ഥലം പെട്ടെന്ന് മാറ്റുന്നതുകൊണ്ടും പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും പരിധിക്കുള്ളിൽ വരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ ലേണേഴ്സ് ടെസ്റ്റ് നടത്തുന്നുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന എല്ലാ താലൂക്കുകളിലും ഇപ്പോൾ ലേണേഴ്സ് ടെസ്റ്റ് നടത്തി വരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ലേണേഴ്സ് ടെസ്റ്റ് നടത്തുവാൻ ഇപ്പോൾ നിവൃത്തിയില്ല.

(സി) ഉണ്ട്.

(ഡി) അനുയോജ്യമായ സ്ഥലം കണ്ടുപിടിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly